പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2869

10.12.2014-ലെ മറുപടിയ്ക്ക്

## ഡി.റ്റി.പി.സി.യി-ലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | **ശ്രീ.എ.പി.അനിൽകുമാർ** (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

(എ) സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഡി.റ്റി.പി.സി. -യുടെ 2011-12 മുതൽ 2014-2015 വരെയുള്ള ലാഭം, ചെലവ്, വരുമാനം എന്നിവ വ്യക്തമാക്കാമോ; പുതിയതായി എത്രപേർക്ക് ഇവിടെ നിയമനം നൽകിയിട്ടുണ്ട്; സാമ്പത്തിക ബാധ്യതയുള്ള സ്ഥാപനം നിയമനങ്ങൾക്ക് പത്രപ്പരസ്യം നൽകാൻ എന്ത് തുക ചെലവഴിച്ചു; നിയമനങ്ങൾ നൽകിയത് ആരാണ്; ഉത്തരവ് തീയതിയും യോഗ്യതയടങ്ങിയ വിവരങ്ങളുടെ പകർപ്പുകളും നൽകാമോ; കൗൺസിൽ അനുമതി നൽകിയ മിനിട്സിന്റെ കോപ്പി നല്കുമോ;

(എ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ലഭ്യമാക്കിയ 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിലെ വരുമാന ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | വരുമാനം | ചെലവ് | നഷ്ടം |
|---|---|---|---|
| 2011-12 | 95,48,877 | 1,05,14,671 | 9,65,794 |
| 2012-13 | 96,59,011 | 1,05,11,186 | 8,52,175 |
| 2013-14 | 96,97,997 | 1,04,32,752 | 7,34,755 |
| 2014-15 | നടപ്പ് സാമ്പത്തിക വർഷമായതിനാൽ വരുമാന ചെലവ് കണക്ക് നിജപ്പെടുത്തിയിട്ടില്ല. | | |

രണ്ട് പേർക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും ഒരാൾ മാത്രമേ ജോലിക്ക് ചേർന്നിട്ടുള്ളൂ. നിയമനം സംബന്ധിച്ച് പത്ര പരസ്യം നൽകുന്നതിനായി 28,107/- രൂപ ചെലവഴിച്ചു. 19.07.2014-ൽ കൂടിയ ഡി.റ്റി.പി.സി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം നടപടികൾ പൂർത്തിയാക്കി ചെയർമാനാണ് നിയമന ഉത്തരവ് നൽകിയത്. നിയമന ഉത്തരവ്, പത്രപ്പരസ്യം വഴി നല്കിയ യോഗ്യത മാനദണ്ഡം, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നടപടിക്രമം എന്നിവയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | സാമ്പത്തിക അച്ചടക്കം പാലിച്ച് സ്ഥാപനത്തിന് വരുമാനം കണ്ടെത്തുന്നതിന് വേണ്ടി 2012-ൽ ശംഖുംമുഖത്ത് നടത്തിയ "കടലോളം ഓണം" കാർണിവെൽ നഗരസഭ നികുതി ഒഴിവാക്കി നൽകുകയും വമ്പിച്ച വരുമാനം ലഭിക്കുകയും ചെയ്തിട്ടും സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; സെക്രട്ടറിയുടെ പേരിൽ ആരെങ്കിലും വിജിലൻസിന് പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (ബി) | സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല. ഇത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ട്. ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ പട്ടികജാതിക്ഷേമ സമിതി വഞ്ചിയൂർ ഏര്യ കമ്മിറ്റി പ്രസിഡന്റ് ശ്രീ.എസ്.പ്രഹ്ലാദൻ വിജിലൻസ് മുഖേന സമർപ്പിച്ച പരാതി പരിശോധിച്ചു വരുന്നു. |
| (സി) | ഡി.റ്റി.പി.സി. സെക്രട്ടറിയുടെ സാമ്പത്തിക ഇടപാടുകളും, ശംഖുംമുഖത്തെ സുനാമി പാർക്ക്, കടല്കാണി ടൂറിസ്റ്റ് സൗധം, ആക്കുളം ടൂറിസ്റ്റ് വില്ലേജ് തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ഉയർന്നു വന്ന പരാതികൾ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | ടൂറിസം വകുപ്പിൽ ലഭിച്ചിട്ടുള്ള പരാതികളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**